## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*115.

21.3.2013- ൽ
മറുപടിയ്ക്ക്

### കോളേജുകൾക്ക് സ്വയംഭരണാവകാശം.

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി. മമ്മുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.സി. മോയിൻകുട്ടി<br>ശ്രീ.കെ. എം. ഷാജി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ മികച്ച നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുവഴി കൈവരിക്കാമെന്ന് കരുതുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിലൂടെയുള്ള നേട്ടങ്ങൾ പഠിച്ച് നിർദ്ദേശം നൽകുന്നതിലേയ്ക്കായി പ്രമുഖ നിയമ വിദ്യാഭ്യാസ വിദഗ്ധനായ പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായി ഒരു സമിതിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ കഴിയുമോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) സ്വയംഭരണം അനുവദിക്കുന്നത് മൂലമുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയതിനുശേഷം അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതായിരിയ്ക്കും. |
| (സി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുവഴി നിലവിലെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റമാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകാമോ? | (സി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുകൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ പൂർണ്ണമായും വിലയിരുത്തപ്പെട്ടിട്ടില്ല. സ്വയംഭരണവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണംമാത്രമാണ്. പൊതുവെ താഴെപ്പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.<br>1. പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും കോളേജുകൾക്ക് |

അധികാരമുണ്ടായിരിക്കുന്നതാണ്.

2. പരീക്ഷ നടത്തുന്നതും

   ഉത്തരക്കടലാസുകൾ
   പരിശോധിക്കുന്നതും
   കോളേജുകളായിരിക്കും.

3. മാർക്ക് ലിസ്റ്റും പ്രൊവിഷണൽ

   സർട്ടിഫിക്കറ്റും നൽകുവാൻ
   കോളേജുകൾക്ക്
   അധികാരമുണ്ടായിരിക്കും. എന്നാൽ

   ബിരുദ സർട്ടിഫിക്കറ്റ് നൽകാനുള്ള
   അധികാരം ബന്ധപ്പെട്ട
   സർവ്വകലാശാലയിൽ
   നിക്ഷിപ്തമായിരിക്കും.

സെക്ഷൻ ഓഫീസർ